## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3200 03.04.2013-ൽ മറുപടിയ്ക്ക്

### ഗവൺമെന്റ് പ്രസ്സുകളിലെ ജീവനക്കാർക്ക് ഓവർടൈംഅലവൻസ് കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പാലോട് രവി** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ പ്രസ്സുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഓവർടൈം അലവൻസ് കുടിശ്ശിക ഉണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം മുതൽക്കാണ് നൽകുവാനുള്ളത്; | (എ) ഉണ്ട്. അച്ചടി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ 2010 മുതലും മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ 2008 മുതലും ബാക്കിയുള്ള സർക്കാർ പ്രസ്സുകളിൽ 2011 മുതലുമുള്ള ഓവർടൈം അലവൻസ് കുടിശ്ശിക നൽകാനുണ്ട്. |
| (ബി) ഓവർടൈം അലവൻസ് കുടിശ്ശിക നൽകുവാൻ എത്ര തുക വേണ്ടി വരും; വ്യക്തമാക്കുമോ; | (ബി) 2012 മാർച്ച് വരെ 5.25 കോടിയോളം രൂപ കുടിശ്ശിക ഉണ്ടായിരുന്നതിൽ 2 കോടി രൂപ 8/3/2013 ലെ സ.ഉ (സാധാ) നം 1724/2013/ധന പ്രകാരം അനുവദിച്ചു. 2013 മാർച്ച് വരെയുള്ള കുടിശ്ശിക നൽകുവാൻ അഞ്ച് കോടിയോളം രൂപ വേണ്ടിവരും |
| (സി) കുടിശ്ശിക ഓവർടൈം അലവൻസ് എന്ന് നൽകുവാൻ സാധിക്കും; വ്യക്തമാക്കുമോ? | (സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഓവർടൈം അലവൻസ് കുടിശ്ശിക നൽകുന്നതാണ്. |

Priya Kumari K.
സെക്ഷൻ ഓഫീസർ